ധനസഹായം നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിൽ ചർച്ചകൾ നടത്തുകയും നിർദ്ദേശങ്ങൾക്കനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തുവെങ്കിലും ലാഭം ഉറപ്പാക്കി സാമ്പത്തികസഹായം ലഭ്യമാക്കാൻ കഴിയുന്ന ഒരു സമഗ്ര പ്രൊപ്പോസൽ സമർപ്പിക്കാൻ സാധിക്കാതിരുന്നതിനാൽ 5-11-1999-ൽ നടന്ന ബി. ഐ. എഫ്. ആർ. ഹിയറിംഗിൽ കമ്പനിയുടെ മാനേജ്മെന്റ് മാറ്റാൻവേണ്ടി പരസ്യം കൊടുക്കാൻ ഓപ്പറേറ്റിംഗ് ഏജൻസിയായ ഐ.ആർ.ബി.ഐ.-യെ ചുമതലപ്പെടുത്തി. 4-12-1999-ൽ ഓഫറുകൾ നൽകാൻ നാലാഴ്ച സമയത്തോടെ പ്രസ്തുത പരസ്യം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബി.ഐ.എഫ്.ആർ.-ന്റെ നിർദ്ദേശപ്രകാരം ഹോൾഡിംഗ് കമ്പനിക്കും പ്രൊമോട്ടറായ സർക്കാരിനും ഈ കാലയളവിനുള്ളിൽ പുതിയ നിർദ്ദേശം ഓപ്പറേറ്റിംഗ് ഏജൻസിക്ക് സമർപ്പിക്കാവുന്നതാണ്. വ്യവസായ വകുപ്പ് നിയോഗിച്ച ഇലക്ട്രോണിക്സിനായുള്ള ഉപസമിതി ഈ കാര്യം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ പ്രവർത്തനം സജീവമായി നിലനിർത്തത്തക്ക വിധത്തിലുള്ള ഒരു പദ്ധതിയുടെ രൂപകൽപ്പന പുരോഗമിച്ചുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഇതു സമർപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(7) പുത്തൂർ പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. സി. എൻ. ജയദേവൻ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളെ തൃശൂർ നഗരവുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട പാലങ്ങളിലൊന്നാണ് പുത്തൂർ പാലം. ബ്രിട്ടീഷുകാരുടെ കാലത്ത് പണി കഴിപ്പിച്ച, ഏകദേശം നൂറു വർഷത്തിലധികം പഴക്കമുള്ള പാലമാണിത്. കഴിഞ്ഞ രണ്ടു ബഡ്ജറ്റുകളിൽ ഈ വർക്ക് ഉൾപ്പെടുത്തി പാലം പുനർ നിർമ്മിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. ഇപ്പോൾ പാലത്തിന്റെ സ്ഥിതി തികച്ചും അപകടാവസ്ഥയിലാണ്. കൈവരികൾ തകർന്നിരിക്കുന്നു. പാലം തന്നെ അപകടകരമായ ഒരവസ്ഥയിലാണ്. തടി കയറ്റിയ ലോറികൾ, കരിങ്കൽ ക്വാറികളിൽ നിന്ന് കരിങ്കല്ലുകൾ കൊണ്ടുപോകുന്ന ലോറികൾ, തൃശ്ശൂർ ജില്ലയിലെ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന മേഖലകളിൽ നിന്ന് പച്ചക്കറി, നേന്ത്രക്കായ് മുതലായവയെല്ലാം തൃശ്ശൂർ പട്ടണത്തിലേയ്ക്ക് കൊണ്ടുവരുന്ന ലോറികൾ എന്നിവയെല്ലാം വരുന്ന സുപ്രധാനമായ ഈ പുത്തൂർ പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, പുത്തൂർ-മാന്നമംഗലം റോഡിൽ ഏഴാമത്തെ കിലോമീറ്ററിൽ സ്ഥിതി ചെയ്യുന്ന പാലമാണ് പുത്തൂർ പാലം. ഇതിനു 50 വർഷത്തിൽക്കൂടുതൽ പഴക്കമുണ്ട്. പ്രസ്തുത പാലത്തിന്റെ കൈവരിതകർന്നു പോയിട്ടുണ്ട്. ആ ഭാഗത്ത് താൽക്കാലികമായി ഒരു കൈവരി കെട്ടിയിട്ടുണ്ട്. പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് നൂറു ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ചീഫ് എൻജിനീയറുടെ ഓഫീസിൽ പരിശോധിച്ചുവരികയാണ്. ഏറ്റവും വേഗം ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly